Major Archeparchy of Ernakulam - Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

സർക്കുലർ: 7/18

# ജലപ്രളയദുരന്തം

**മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,**

സങ്കടങ്ങളുടേയും, നഷ്ടപ്പെടലിന്റെയും, മരണത്തിന്റെയും നടുവിൽ നിൽക്കുന്ന നമ്മുടെ അതിരൂപതാംഗങ്ങൾക്ക് സമാശ്വാസത്തിന്റെയും, വാത്സല്യത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും സന്ദേശമറിയിക്കുവാനാണ് ഈ സർക്കുലർ ഞാൻ എഴുതുന്നത്. അതീവ സങ്കീർണ്ണവും, സംഘർഷഭരിതവുമായ ഒരു അവസ്ഥയിലൂടെയാണ് നാം കടന്നുപോകുന്നത്. അതിന്റെ വ്യാപ്തിയും, ജലപ്രളയം സൃഷ്ടിച്ച വിഷമങ്ങളും വളരെ വലുതാണ്.

ഈ ദിവസങ്ങളിലെല്ലാം ദൈവത്തിന്റെ വാത്സല്യമേറിയ കരങ്ങൾ നാം നേരിട്ട് ദർശിക്കുകയുണ്ടായി. ജീവൻ പോലും പണയംവച്ച് രക്ഷാപ്രവർത്തനത്തിനും, ഭക്ഷണവിതരണത്തിനും, പ്രാഥമികസൗകര്യങ്ങൾ ഒരുക്കുന്നതിനും, മറ്റെല്ലാ ആവശ്യങ്ങൾ സാധിച്ചുകൊടുക്കുന്നതിനും മുന്നിട്ടിറങ്ങിയ അനേകലക്ഷങ്ങൾ ദൈവം അയച്ച കാവൽമാലാഖമാരായിരുന്നു. അവരെയെല്ലാം സ്നേഹത്തോടെ ഓർക്കുന്നു. അവർക്ക് എങ്ങനെയാണ് നന്ദി പറയേണ്ടതെന്ന് അറിഞ്ഞുകൂടാ...

ദുരിതാശ്വാസത്തിന്റെ പ്രാഥമിക ദിനങ്ങൾ കഴിയുമ്പോൾ പുനരുദ്ധാരണപ്രവർത്തനങ്ങളുടെ മാസങ്ങളും വർഷങ്ങളും ആരംഭിക്കുകയായി. ആ പ്രവർത്തനങ്ങൾ നമ്മുടെ സംസ്ഥാന സർക്കാരിനോടും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളോടും ചേർന്ന് ഏറ്റെടുക്കേണ്ടതിന്റെ ചില രൂപരേഖകൾ ഞാൻ ഇവിടെ പങ്കുവയ്ക്കട്ടെ. ഇക്കാര്യങ്ങളുമായി ബന്ധപ്പെട്ട്, ഫൊറോനാ വികാരിമാരുടെയും, അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗമായ സഹൃദയയുടെ ഭാരവാഹികളുടെയും, അതിരൂപതയിലെ സന്ന്യസ്തസഭകളുടെ മേജർസുപ്പീരിയേഴ്സിന്റേയും മീറ്റിംഗുകൾ മേജർ ആർച്ചുബിഷപ്പ് ഹൗസിലും, ഇടവക വികാരിമാരുടേയും ഇടവകകളിൽ പ്രവർത്തിക്കുന്ന സന്ന്യാസഭവനങ്ങളുടെ സുപ്പീരിയേഴ്സിന്റെയും ഇടവക പ്രതിനിധികളുടെയും മീറ്റിംഗ് അതിരൂപതയുടെ അഞ്ച് സോണുകളിലും വിളിച്ചുചേർക്കുകയുണ്ടായി. അവർ പങ്കുവച്ച ആശയങ്ങളിൽ ചിലത് മാത്രം ഇവിടെ ചേർക്കുന്നു.

1) നാശം സംഭവിച്ചവയുടെ കണക്കുകൾ കൃത്യമായി രേഖപ്പെടുത്തി സമർപ്പിച്ചാൽ മാത്രമേ, അവയുടെ നഷ്ടം കണക്കാക്കി സഹായം എത്തിക്കാൻ നമുക്ക് സാധിക്കുകയുള്ളൂ. ആയതിനാൽ, ഇടവകകളിൽ നൽകിയിരിക്കുന്ന പ്രാഥമിക വിവരശേഖരണ ഫോം വളരെ കൃത്യമായി പൂരിപ്പിച്ച് വാങ്ങുവാൻ കുടുംബകൂട്ടായ്മകൾ ശ്രദ്ധിക്കണം. അതിന്റെ കോപ്പികൾ പള്ളികളിൽ സൂക്ഷിക്കേണ്ടതാണ്.

2) എല്ലാം നഷ്ടപ്പെട്ട് വീടുകളിലേക്ക് മടങ്ങുന്നവർക്ക് അടുത്ത മാസങ്ങളിൽ കഴിഞ്ഞുകൂടുവാൻ സാധിക്കുന്ന സാധനസാമഗ്രികൾ എത്തിച്ചുകൊടുക്കുവാൻ ഇടവകസമൂഹം ഒറ്റക്കെട്ടായി പരിശ്രമിക്കണം. അവരുടെ മനുഷ്യമഹത്വം ഉയർത്തിപ്പിടിച്ചുകൊണ്ടുവേണം ഇത് ചെയ്യുവാൻ.

3) നമ്മുടെ വിവിധ ആശുപത്രികളുടെയും സന്മനസുള്ള ഡോക്ടർമാരുടെയും, നേഴ്സുമാരുടേയും സഹകരണത്തോടെ ഇടവകതലത്തിൽ ഒരു മെഡിക്കൽ ക്യാമ്പ് എങ്കിലും സംഘടിപ്പിക്കുവാൻ ഇടവക പ്രതിനിധിയോഗം മുൻകൈ എടുക്കണം.

4) വളരെ മലിനമായിരിക്കുന്ന വീടുകൾ, പ്രത്യേകിച്ച് പ്രായമായവരും, ശാരീരികവൈകല്യങ്ങൾ ഉള്ളവരും ഉൾപ്പെടുന്ന വീടുകൾ വൃത്തിയാക്കുവാൻ യുവജനസംഘടനകൾ കയ്യും മെയ്യും മറന്ന് സഹായിക്കണം.

5) പ്രളയ കെടുതിമൂലം സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന കുടുംബങ്ങളിലെ വിദ്യാർത്ഥിനീ വിദ്യാർത്ഥികളെ സഹായിക്കുവാനായി സഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒരു മാസത്തെ യെങ്കിലും ഫീസിളവ് പ്രഖ്യാപിക്കുന്നത് കുടുംബങ്ങൾക്ക് വലിയൊരു ആശ്വാസമായിരിക്കും.

6) പ്രളയനാശം നേരിട്ട് അനുഭവിച്ചിട്ടില്ലാത്ത ഇടവകകളും, അതിന്റെ ദുരന്തം കാര്യമായി നേരിടാത്തവരും, നാശനഷ്ടം വന്ന ചെറുതും തകർന്നുപോയതുമായ ഇടവകകളെ ദത്തെടുത്ത് രണ്ട് വർഷത്തേയ്ക്കെങ്കിലും അവരെ സഹായിച്ച് ഈ വിഷമഘട്ടം തരണം ചെയ്യുവാൻ കൈകോർക്കുക.

7) പുനരുദ്ധാരണപ്രവർത്തനങ്ങൾ ദീർഘകാലപ്രവർത്തനങ്ങളായതുകൊണ്ടും, സങ്കടമനുഭവിക്കുന്ന ആളുകൾക്ക് ഇടവകസമൂഹത്തിന്റെ കൈത്താങ്ങ് കുറേ കാലത്തേയ്ക്കെങ്കിലും വളരെ അത്യാവശ്യമായതുകൊണ്ടും നമ്മുടെ ഓരോ ഇടവകതലത്തിലും ഒരു സഹൃദയ പുനരുദ്ധാരണ ഓഫീസ് തുറക്കുന്നത് ഉചിതമായിരിക്കും. അതിരൂപതാ സഹൃദയ ഓഫീസ് അംഗങ്ങൾ ഇടവകകളിലെ ഓഫീസുമായി ബന്ധപ്പെട്ട് അവരുടെ പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുവാൻ ഇത് സഹായകമാകും.

8) പ്രളയകെടുതിയുടെ നാശനഷ്ടങ്ങൾ പരിഹരിക്കപ്പെടുന്നതുവരെയെങ്കിലും അവശ്യസാധനങ്ങൾ ലഭ്യമാക്കുന്ന ഒരു സ്റ്റാൾ മുകളിൽ പറഞ്ഞ ഓഫീസിന്റെ നേതൃത്വത്തിൽ ഇടവകയിൽ ആരംഭിക്കുവാൻ കാര്യമായിതന്നെ ആലോചിക്കേണ്ടതാണ്.

9) ഇടവകകളിൽ പ്രവർത്തിക്കുന്ന എല്ലാ സംഘടനകളുടെയും വിശ്വാസപരിശീലന അദ്ധ്യാപകരുടെയും വിദ്യാർത്ഥിനീവിദ്യാർത്ഥികളുടേയും സർവ്വതോന്മുഖമായ സഹായവും സഹകരണവും കായികാദ്ധ്വാനവും പുനരുദ്ധാരണ പ്രവർത്തനങ്ങളിലേക്ക് തിരിച്ചുവിടുവാൻ ഇടവകനേതൃത്വം ശ്രദ്ധ ചെലുത്തണം. വിശ്വാസ പ്രഘോഷണത്തിന്റെ വലിയ മേഖലയാണിത്. ക്രൂശിതനായ ക്രിസ്തുവിനെ കണ്ടെത്തുവാനുള്ള നമ്മുടെ പരിശ്രമത്തിന്റെ ഭാഗമായി ഇതിനെ കാണണം.

10) കഴിഞ്ഞ പത്ത് ദിവസങ്ങളിലായി നമ്മുടെ കുടുംബങ്ങൾ കടന്നുപോന്ന മാനസികസംഘർഷങ്ങൾ വിവരണാതീതമാണ്. പലരും നിരാശയുടെ നടുവിലാണ്. ഒരു ജീവിതകാലംകൊണ്ട് അദ്ധ്വാനിച്ചതു മുഴുവൻ ഒരു രാത്രികൊണ്ട് നഷ്ടപ്പെട്ട് ഒന്നുമില്ലാതെ, ദുഃഖത്തിലും വേദനയിലും കൂടി കടന്നുപോകുന്ന അവസ്ഥയാണ് നാം ചുറ്റും കാണുക. ആ കുടുംബങ്ങളുടെ പ്രശ്നങ്ങൾ കേൾക്കുവാനും, അവരെ ആശ്വസിപ്പിക്കുവാനും, പ്രത്യേകമായ് സന്ന്യസ്തർ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. അവരുടെ സഹായം ലഭ്യമാക്കുവാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

11) കേരളം വലിയൊരു ദുരന്തത്തിൽനിന്ന് കര കയറുവാനുള്ള തീവ്രയത്നത്തിലാണെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് നമ്മുടെ വീടുകളിലെയും, പള്ളികളിലെയും സ്ഥാപനങ്ങളിലെയും ആഘോഷങ്ങൾ ലളിതമാക്കുവാൻ നമുക്ക് സാധിക്കണം. അത്യാവശമല്ലാത്ത നിർമ്മാണപ്രവർത്തനങ്ങൾ ഒഴിവാക്കി ഭവനം നഷ്ടപ്പെട്ടവരെ, ജീവനോപാധികൾ ഇല്ലാതായവരെ സഹായിച്ച് നമുക്ക് യേശു ശിഷ്യരാകാം.

12) സുതാര്യത ഉറപ്പുവരുത്തുവാനായി, കിട്ടിയ എല്ലാ സഹായങ്ങളുടെയും, സമാഹരണങ്ങളുടെയും, ചെലവുകളുടെയും, കണക്കുകൾ സൂക്ഷിക്കുവാൻ ഇടവകയിൽതന്നെ ഉത്തരവാദിത്തപ്പെട്ട ഒരു ചെറിയ ടീമിനെ (Core Team) ഏല്പിക്കുകയും, പിന്നീട് ആ വരവ്-ചെലവുകൾ ഇടവക സമൂഹത്തെ അറിയിക്കുകയും ചെയ്യണം.

13) നമ്മുടെ ഓരോ ഇടവകയും, - പഞ്ചായത്ത്, ബ്ലോക്ക്, മുനിസിപ്പാലിറ്റി തലങ്ങളിലുള്ളവരുമായി നല്ല ബന്ധം സൂക്ഷിക്കുകയും, പ്രളയ ദുരന്തത്തിൽപ്പെട്ടവർക്ക് ലഭിക്കേണ്ടതായ ആനുകൂല്യങ്ങളും അവകാശങ്ങളും എല്ലാവർക്കും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യണം.

14) ബൈബിളും പ്രാർത്ഥനാ പുസ്തകങ്ങളും നഷ്ടപ്പെട്ടവർക്ക് അവ വാങ്ങിക്കൊടുക്കുവാനുള്ള സംവിധാനം ഇടവകാ തലത്തിൽ ചെയ്യേണ്ടതാണ്.

ഒരുമിച്ചുള്ള കൂട്ടായ്മകളിൽ ഉരുത്തിരിഞ്ഞുവന്ന എല്ലാ നവീനമായ ആശയങ്ങളും ക്രോഡീകരിച്ച് വികാരിയച്ചന്മാർക്ക് അയച്ചു തരുന്നതാണ്. നമ്മുടെ അതിരൂപതയിൽ ഈ പ്രവർത്തനങ്ങളെല്ലാം ഭംഗിയായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ നാം ഉത്തരവാദിത്വം ഏല്പിച്ചിരിക്കുന്നത് പൊന്നുരുന്നിയിലുള്ള 'സഹൃദയ'യെയാണ്. അവർ നേതൃത്വം നൽകും. എങ്കിലും, എല്ലാ കർമ്മപരിപാടികളും ആവിഷ്കരിക്കേണ്ടതും, നടപ്പിലാക്കേണ്ടതും, വിലയിരുത്തേണ്ടതും ഇടവകതലത്തിലാണ്. ഓരോ ഫൊറോന വികാരിയും, ആ ഫൊറോനയിൽപ്പെട്ട ഇടവകകളിലെയും, സന്ന്യാസഭവനങ്ങളിലെയും മറ്റു സ്ഥാപനങ്ങളിലെയും പ്രളയബാധിത പുനരുദ്ധാരണപ്രവർത്തനങ്ങൾ ഏകീകരിച്ചുകൊണ്ടുപോകണമെന്ന് അഭ്യർത്ഥിക്കുന്നു.

കുത്തിയതോട് സെന്റ് സേവ്യേഴ്സ് ഇടവകയിലെ പള്ളിമേടയുടെ ഒരു ഭാഗം തകർന്നുവീണ് മരിച്ച ആറ് പേർ ഉൾപ്പെടെ പ്രളയത്തോടനുബന്ധിച്ച് ജീവൻ നഷ്ടമായ എല്ലാവരുടെയും കുടുംബാംഗങ്ങളെ അതിരൂപതയുടെ അനുശോചനം അറിയിക്കുന്നു.

നാടിന്റെ നാനാഭാഗങ്ങളിൽ പ്രളയക്കെടുതി രൂക്ഷമായപ്പോൾ നമ്മുടെ അതിരൂപതയിലെ വൈദികരും, സമർപ്പിതരും, വിശ്വാസസമൂഹവും സർക്കാർ സംവിധാനങ്ങൾക്കൊപ്പം രക്ഷാദൗത്യങ്ങളിലും ദുരിതാശ്വാസ പ്രവർത്തനങ്ങളിലും സജീവമായിരുന്നുവെന്നത് അഭിമാനകരമാണ്. നമ്മുടെ പള്ളികളും അനുബന്ധ സ്ഥാപനങ്ങളും ദുരിതാശ്വാസ ക്യാമ്പുകൾക്കായി തുറന്നു നൽകി. വലിയവനെന്നോ ചെറിയവനെന്നോ വ്യത്യാസമില്ലാതെ നാനാജാതി മതസ്ഥർക്ക് നമ്മുടെ പള്ളികളും പള്ളിമേടകളും സ്ഥാപനങ്ങളും വീടുകളും ആശ്വാസത്തണലൊരുക്കി. വിവിധ ഇടവകകളിൽ സ്നേഹപ്രവൃത്തികൾ അനുഭവിച്ചറിയാൻ എനിക്കും മറ്റു മെത്രാന്മാർക്കും അവസരമുണ്ടായിട്ടുണ്ട്. അതിരൂപതയുടെ സാമൂഹ്യസേവന വിഭാഗമായ സഹൃദയയുടെയും ഇടവകകളുടെയും സ്ഥാപനങ്ങളുടെയും മറ്റു സംഘടനകളുടെയും നേതൃത്വത്തിൽ അവിശ്രമം രാവും പകലും നടത്തിയ സേവനപ്രവർത്തനങ്ങൾ സമയോചിതവും ശ്രദ്ധേയവുമായിരുന്നു. ഈ അവസരത്തിൽ സഹൃദയയെയും പ്രവർത്തനങ്ങളുടെ മുന്നിലും പിന്നിലും നിന്ന എല്ലാവരെയും അഭിനന്ദിക്കുന്നു. രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ അതിരൂപതയുടെ ക്രിയാത്മകമായ ഇടപെടലുകൾ പൊതുസമൂഹത്തിലുണ്ടാക്കിയ നന്മയും സൽപേരും ചെറുതല്ല.

വിശുദ്ധ അമ്മ ത്രേസ്യയുടെ സൂക്തം അനുസ്മരിച്ചുകൊണ്ട് ഞാൻ ഇത് അവസാനിപ്പിക്കട്ടെ: "ഇതും കടന്നുപോകും." നമ്മൾ കൈകോർത്ത് പ്രവർത്തിച്ചാൽ ഈ ദുഃഖസമയങ്ങളും കടന്നുപോകും. പുഞ്ചിരി നമ്മുടെ മുഖത്ത് വീണ്ടും വിരിയും. ഇതുപോലുള്ള ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും ദുരന്തത്തിന്റെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവർക്ക് ആശ്വാസവും സഹായവും ലഭിക്കുന്നതിനും വേണ്ടി നമ്മൾ എല്ലാവരും തീക്ഷ്ണമായി പ്രാർത്ഥിക്കണം. യേശുവിനെ നയിച്ച ആത്മാവ് നമ്മുടെ എല്ലാ ചിന്തകളേയും പ്രവർത്തനങ്ങളെയും നയിക്കട്ടെ.

വാത്സല്യത്തോടെ,

+ Manathodath

**ജേക്കബ് മനത്തോടത്ത് പിതാവ്**

MAJOR ARCHIEPARCHIAL CURIA • ERNAKULAM-ANGAMALY •

.................................

NB: ഈ സർക്കുലർ **2018 ഓഗസ്റ്റ് 26-ാം തീയതി** ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.